**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3524** **05-08-2021 - ൽ മറുപടിയ്ക്ക്**

**ഭാഗ്യക്കുറി മേഖലയിൽ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | **Shri K N Balagopal**<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ആയിരക്കണക്കിന് ആളുകൾ വരുമാനമാർഗ്ഗമായി കാണുന്ന സംസ്ഥാന ലോട്ടറിയെ നവീകരിച്ച് കൂടുതൽ ആകർഷകമാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) | 2021-22 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ എല്ലാ പ്രതിവാര, ബമ്പർ പ്രതിമാസ ഭാഗ്യക്കുറികളുടെയും സമ്മാനഘടന 2021 മാർച്ച് മാസം മുതൽ പരിഷ്കരിച്ചിട്ടുണ്ട്. സമ്മാനങ്ങളുടെ എണ്ണം 12960 അധികമായി വർദ്ധിപ്പിച്ചും, സമ്മാന വിഹിതം നിലവിലുണ്ടായിരുന്ന 58.5% ത്തിൽ നിന്നും ഏകദേശം 60% വരെ വർദ്ധനവ് വരുത്തിയും 100 രൂപ ഒഴികെയുള്ള സമ്മാനങ്ങളുടെ ഏജൻസി പ്രൈസ് 10% ത്തിൽ നിന്നും 12% ആയി വർദ്ധിപ്പിച്ചും 100 രൂപ സമ്മാനങ്ങളുടെ ഏജൻസി പ്രൈസ് 10% ത്തിൽ നിന്നും 20% മായി ഉയർത്തിയും, ഏജൻസി ഡിസ്കൗണ്ട് സ്ലാബിൽ ഓരോന്നിലും 0.5% വീതം വർദ്ധനവ് വരുത്തിയുമാണ് സമ്മാനഘടന പരിഷ്കരിച്ചിട്ടുള്ളത്. |
| (ബി) | സംസ്ഥാന ലോട്ടറിയുടെ ഘടന കൂടുതൽ സമ്മാനങ്ങൾ ഉൾപ്പെടുത്തി പരിഷ്കരിക്കുമോ; | (ബി) | 2021-22 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ എല്ലാ പ്രതിവാര, ബമ്പർ പ്രതിമാസ ഭാഗ്യക്കുറികളുടെയും സമ്മാനഘടന 2021 മാർച്ച് മാസം മുതൽ പരിഷ്കരിച്ചിട്ടുണ്ട്. സമ്മാനങ്ങളുടെ എണ്ണം 12960 അധികമായി വർദ്ധിപ്പിച്ചും, സമ്മാന വിഹിതം നിലവിലുണ്ടായിരുന്ന 58.5% ത്തിൽ നിന്നും ഏകദേശം 60% വരെ വർദ്ധനവ് വരുത്തിയും 100 രൂപ ഒഴികെയുള്ള സമ്മാനങ്ങളുടെ ഏജൻസി പ്രൈസ് 10% ത്തിൽ നിന്നും 12% ആയി വർദ്ധിപ്പിച്ചും 100 രൂപ സമ്മാനങ്ങളുടെ ഏജൻസി പ്രൈസ് 10% ത്തിൽ നിന്നും 20% മായി ഉയർത്തിയും, ഏജൻസി ഡിസ്കൗണ്ട് സ്ലാബിൽ ഓരോന്നിലും 0.5% വീതം വർദ്ധനവ് വരുത്തിയുമാണ് സമ്മാനഘടന പരിഷ്കരിച്ചിട്ടുള്ളത്. |
| (സി) | ബംബർ ഭാഗ്യക്കുറി മാതൃകയിൽ കൂടുതൽ ഒന്നാം സമ്മാനങ്ങൾ നൽകുന്ന തരത്തിൽ പുതിയ | (സി) | നിലവിലുള്ള 6 ബമ്പർ ഭാഗ്യക്കുറികൾക്കും ഒന്നാം സമ്മാനം ഒരെണ്ണം മാത്രമാണ് നൽകി വരുന്നത്. |

| | | | |
|---|---|---|---|
| | ഭാഗ്യക്കുറി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | | പ്രതിമാസ ഭാഗ്യക്കുറിയായ ഭാഗ്യമിത്രയ്ക്ക് ഒരു കോടി വീതം 5 ഒന്നാം സമ്മാനങ്ങൾ നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ